**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഗ്രാമ പഞ്ചായത്തുകളിൽ നിയമിതരാവുന്ന ടെക്നിക്കൽ അസിസ്റ്റന്റിന്റെ സേവന കാലാവധി ദീർഘിപ്പിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ ബി) വകുപ്പ്

സ.ഉ. (സാധാ) നം.950/2013/തസ്വഭവ. തിരുവനന്തപുരം, തിയതി; 08.04.2013.

പരാമർശം:- 1. സ.ഉ.(സാധാ) നം. 1772/2012/തസ്വഭവ തീയതി, 27.06.2012.
2. സ.ഉ.(സാധാ) നം. 665/2013/തസ്വഭവ തീയതി, 16.03.2013.
3. ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടറുടെ 14.03.2013 ലെ ഐ.കെ.എം/ലോബ്/സി.ഡബ്ല്യു ജി/26/1454/2012 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമ പഞ്ചായത്തുകളിലെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് സാങ്കേതിക സഹായം നൽകുന്നതിലേയ്ക്കായി സംസ്ഥാനത്തെ 978 ഗ്രാമ പഞ്ചായത്തുകളിലും ഓരോ ടെക്നിക്കൽ അസിസ്റ്റന്റുമാരെ ഒരു വർഷത്തേയ്ക്ക് മാത്രം നിയമിക്കുന്നതിന് പരാമർശം (1) ലെ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഇപ്രകാരം നിയമിതരാവുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് കില മുഖാന്തിരം നടത്തുന്ന 12 ദിവസത്തെ പരിശീലന പരിപാടിക്ക് ആവശ്യമായ 12,000/- രൂപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം / തനത് ഫണ്ട് / ജനറൽ പർപ്പസ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി ഇൻഫർമേഷൻ കേരള മിഷന് നൽകാൻ പരാമർശം (2) ലെ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകിയിരുന്നു.

എല്ലാ ഗ്രാമ പഞ്ചായത്തുകളിലും ടെക്നിക്കൽ അസിസ്റ്റന്റ് നിയമനവും പരിശീലനവും പൂർത്തിയാകാത്ത സാഹചര്യത്തിൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 2014 മാർച്ച് 31 വരെ ദീർഘിപ്പിക്കണമെന്ന് പരാമർശം (3) ലെ കത്തിലൂടെ ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. ഗ്രാമ പഞ്ചായത്തുകളിലെ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ നിയമനവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുന്നു:

i) ഗ്രാമ പഞ്ചായത്തുകളിൽ ഇതിനോടകം നിയമിച്ചതും ഇനി നിയമിക്കാനുള്ളതുമായ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ സേവന കാലാവധി 31.03.2014 വരെയായിരിക്കും.

ii) ഇതിനോടകം ഗ്രാമ പഞ്ചായത്തുകളിൽ നിയമിച്ചു കഴിഞ്ഞ ടെക്നിക്കൽ അസിസ്റ്റന്റുമാർക്ക് അടിയന്തിരമായി പരിശീലനം നൽകാൻ വേണ്ട നടപടി ഇൻഫർമേഷൻ കേരള മിഷൻ എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ സ്വീകരിക്കേണ്ടതാണ്.

iii) ഇനിയും ടെക്നിക്കൽ അസിസ്റ്റന്റ് നിയമനം പൂർത്തീകരിച്ചിട്ടില്ലാത്ത ഗ്രാമ പഞ്ചായത്തുകൾ നിയമന നടപടി പൂർത്തിയാക്കി പരിശീലനം നൽകിയ ശേഷം മാത്രമേ അവരെ ടി തസ്തികയിൽ നിയമിക്കാൻ പാടുള്ളൂ എന്നും ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

കെ.ആർ.കൃപാനന്ദൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഡയറക്ടർ, കില
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് / സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം,
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ), കേരള, തിരുവനന്തപുരം,

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ